# ശ്രീധരന്റെ ബോധാവലോകനം

പ്രസാധകർ

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി

കായംകുളം

ശ്രീധരന്റെ

# ബോധാവലോകനം

സാധു ശ്രീധരൻ

പ്രസാധകർ

ശ്രീധരദേശം ട്രസ്റ്റ്

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി

കായംകുളം

Malayalam
SREEDHARANTE BODHAVALOKANAM
ശ്രീധരന്റെ ബോധാവലോകനം

Author:
SADHU SREEDHARAN

Published by:
SREEDHARADESAM TRUST
Govindamuttam P. O.
Puthuppally, Kayamkulam.

Printed at:
REKHA PRINTERS
Mundakkal, Kollam-691001

Copies: 500.
Copyright Reserved.
27th December 1992.
12th Dhanu 1168.

Phone: 3465 Kayamkulam

Sreedharadesam Trust express their gratitude to Rekha Printers for having printed this book on time.



## അവതരണം

ശ്രവണ സുഖമനവരത മനനലളിതം തവ
വാസിഷ്ഠ വേദാന്തസാരം മനോഹരം
മനന വിധി നൽകിയാലാവുംവിധം യഥാ–
മാനുഷജന്മം സഫലീകൃതം തഥാ.

കവികൾ അതിമധുരതര കാവ്യംചമയ്ക്കുന്ന–
താസ്വദിച്ചീടുന്ന മർത്ത്യർ പലതരം
അതുവിധം യഥാവിധി വേദജ്ഞരോതുന്ന -
വേദാന്തസാരസ്യമാസ്വദിപ്പൂ പലർ.

അതിസരസ ലളിതപദഗദ്യപദ്യാത്മകം -
അത്യന്തമാദ്യന്ത വേദാന്തസംയുതം.
കഥ ഗഗന ദർശനം ബ്രഹ്മപ്രദർശനം
അക്ഷരാനന്ദവിരാട്ഭാവ ദർശനം.

തവഹൃദയഗളിതസുഖമതിമധുര ദർശനം–
ബോധപ്രദായകം വേദാന്തദർശനം,
അറിവതിനു ശ്രീധര ദേശത്തിലെത്തുന്ന–
മനുജർ പലരാനന്ദലീന ഹൃദയരായ്–

അതികുതുകമൊടു സപദിബ്രഹ്മബോധാത്മകം
ശ്രീധരബോധാവലോകനം കണ്മൂതെ.
അതുലതര ശ്രീധരം ബ്രഹ്മൈക്യവീക്ഷണം.
വാചാമഗോചരം, നവ്യപ്രബോധകം–

പലതുമവ കണ്ടിടാം ശ്രീരാമവീക്ഷണം
സ്പഷ്ടം, സമാധിതൻവ്യാഹൃതിരത്ഭുതം.
ശ്രുതിഉദിത സത്യബോധാമൃതം ആസ്വദി–
ച്ചത്ഭുതാനന്ദരാക്കീടുമവസ്ഥകൾ

അഥകഥനസരണിയതിൽസഞ്ചരിച്ചീടുന്ന
ബുധരഥച കണ്ടിടാം പഞ്ചപദംതദാ.
വിവിധതര വിഷയമതിലൊഴുകിയഥ നീങ്ങവേ
വാചകരെത്തിടും മീമാംസവേദിയിൽ

ഇതികരുതി, ബഹുമതിയൊടാദരപൂർവകം–
നതാഹൃദഞ്ജലിരർപ്പിച്ചിടുന്നഹം
പുനരപിച പുനരപിച കഥയകഥയപ്രഭോ–
വേദാന്ത സാരസർവസ്വവും ഭാരതെ.

പ്രശ്രയപ്രേമപൂർവം, ഭ്രാതാ

# ഓം

എൻ ശക്തി, എൻ ശക്തി, ആണേ!
എങ്ങോട്ടിതെൻ ശക്തിപോണം,
പോകുവാനൊക്കുവതെങ്ങ്,
പോകേണ്ട കാര്യമതെന്ത്.

കഥയില്ലാ കഥ അതു ചൊല്ലി
തലതല്ലി കീറേണ്ടതുണ്ടോ.
മനമേ നിൻ വൈശിഷ്ട്യം കൊള്ളാം
കളിപ്പതാരോടെന്നതോർക്കാ

കളിയില്ലാ, ചിരിയില്ലാ, സത്വം,
കരയുന്ന സത്വവുമല്ലേ,
പിന്നെ നീ എന്തൊന്നു കാട്ടും,
നാശം നിനിക്കിവൻ നൽകും

★

# ഓം

## ശ്രീ ഗുരവേ നമ:

ശ്രീ തിങ്ങും ഗുരുതൻ മാഹാത്മ്യമരുളാൻ
ഉലകീലിന്നാർക്കാണു നാവുള്ളതു്

കേൾക്കുന്നില്ലേ ദിവ്യപയോധി
ശുദ്ധാന്തക്കരണ മഹാത്മാവതായിട്ടും,
എത്തിച്ചേർന്നു പ്രഭാകരനതിലെന്നിട്ടും,
കേഴുന്നു മോചനാർത്ഥം .—

"ഓം
സവിതുർ വരേണ്യം ഭർഗ്ഗോ
ദേവസ്യധീമഹി ധിയോ
യോ നഃ പ്രചോദയാത്"

അപ്പോൾ ഭാ! ഗുരുവാം കരുണാനിധീ
കടാക്ഷാൽ എത്തിച്ചേരുന്നിദാനീം

ആദിവ്യ ആത്മ പ്രകാശേ
അറിയുന്നു ആത്മവാനായ്
ജ്യോതിസ്സാം ജ്യോതിസ്സായി.

ഇപ്രകാരേണ ശ്രേഷ്ഠം
വെളിവതരുളി—ആത്മാ
താൻതന്നെയെന്നു കാട്ടും,
ദേവനും ദേവനത്രേ
ഗുരുവതാം ദിവ്യമൂർത്തി.

ഇപ്രകാരേണ അറിയും ശിഷ്യനത്രേ
ആത്മവാൻ നിത്യതൃപ്തൻ.

ഓം

★

# ഓം

## ശ്രീ ഗുരവേ നമഃ

ഉണ്ണീ! ശ്രേഷ്ഠം, ശ്രേഷ്ഠത്തിൽ ശ്രേഷ്ഠമുണ്ണീ!
ആർക്കും താൻ ശ്രേഷ്ഠമുണ്ണീ
ശ്രവണമതു ശ്രേഷ്ഠമേ ശ്രേഷ്ഠമുണ്ണീ!

മനനമങ്ങായതും ചേർത്തു
പക്വമതാക്കിവിട്ടാൽ
ശ്രേഷ്ഠമേ ശ്രേഷ്ഠമുണ്ണീ!

മനനത്താൽ പക്വമായാൽ
നിദിദ്ധ്യാസനമതുവുമേ
രസമതാണഖിലത്തിൻേറം,
അഖണ്ഡൈക രസവുമതേ,

ധ്യാനത്താൽ സ്ഫുടംചെയ്തു
നിർമ്മലമതങ്ങായാൽ,
മററൊന്നും കാണാതായി
നിന്നെ നീ അറിഞ്ഞീടും.

രൂപമേ നിനക്കില്ല,
നാമവും നഷ്ടമാകും,
പിന്നെയതെങ്ങനെന്നു്,
അനുഭവാലറിയുമേ.

ചന്ദന തിരികത്തി
എരിയും നേരത്തിങ്കൽ,
പുകയതായ് വിലസി
വികസിച്ചുല്ലസിക്കും,
അതുമൊരു രൂപമേ

ഏറെ വികസിച്ചങ്ങ്
രൂപഹീന ഗന്ധംകാട്ടും,
ആയതും ലയിച്ചങ്ങി-
യങ്ങും ആകാശമതിൽ.

കാട്ടുമപ്പുറം ദേശം,
നിറവുററ ശബ്ദം കാട്ടും,
ആസ്തിക്യമതിൽ കാണും,
ആ ശബ്ദമണഞ്ഞെന്നാൻ,
നിന്നെയും കണ്ടുകിട്ടും.

ആയപോലറികുന്നീ,
നിന്നാത്മ നിലയതേ,
ജഗത്തിൽ ബ്രഹ്മനില.

കർപ്പൂര സ്ഥൂലദേഹേ,
അഗ്നിതൻ സ്പർശമേററാൽ,
രൂപമങ്ങുജ്ജ്വലിക്കും,
ജ്വലിച്ചു പ്രകാശിക്കും.

കർപ്പൂരം വിടും രൂപം,
അഗ്നിതൻ രൂപമാകും,
അവിടെയും നില്ക്കുകില്ല,
ആ നിലവിടുമവൻ.

അഗ്നിയും രൂപംവിടും,
വിയത്തിൽ ലയിച്ചങ്ങു-
വിയത്തായ് നിലകൊള്ളും,
വിയത്തും കടന്നങ്ങ്,
ശബ്ദമാം, ശബ്ദവും
നിലച്ചങ്ങു, നിന്നെയും

കണ്ടുമുട്ടമങ്ങനങ്ങ
റിയുക നിൻറാത്മ പൊ
രുളിനെ, തെളിയുമാറു്.

തീയത്തങ്ങിരിക്കും പാത്രേ
അല്പം വെള്ളമൊഴിച്ചാകിൽ
പെട്ടെന്നു തിളച്ചിട്ടങ്ങാ-
വിയായിട്ടു മാറുമെടോ.

തീർന്ന നിലയതാകുമോ,
ഉഗ്രമായി തപിച്ചങ്ങു
നിർവികല്പേ ലയിച്ചെന്നാൽ
പാത്രത്തിലെ ജലമത-
ങ്ങാവിയായി മാറുംപോലെ,
തൻരൂപം സൂക്ഷ്മമായിട്ട്
കാണാതായിട്ടു തീരുന്നു.

ആയപോലെ, താനില്ലാപോൽ,
കാണാതായ്, വന്നീടിലും
താനില്ലാതാവുന്നില്ല,
താനുള്ളതായങ്ങറിയുമേ,
തന്നെ ഒട്ടുകാണുകയില്ലാ
എന്നാലും സത്യമത്രേ,
അനുഭവിച്ചാനന്ദിക്കൂ.

ഓം തത്സത്

★

# ഓം

## ശ്രീ ഗുരവേ നമഃ

### ഒന്നാം ഭാഗം

ജ്ഞാനവും കർമ്മവും അന്യോന്യ വിരുദ്ധങ്ങളാണെന്നും ഇരുട്ടും വെളിച്ചവും പോലെ ഇണങ്ങിച്ചേരാത്തതാണെന്നും ജ്ഞാനികൾ പറയുന്നുണ്ടു്. എന്നാൽ യോഗത്തെ അല്പം വ്യത്യാസത്തോടെയാണവരും വീക്ഷിക്കുന്നതു്. യോഗത്തിനു് കർമ്മ ചായ്‌വുണ്ടെങ്കിലും സർവസമ്മതമായ ശിഷ്ടാചാരം പോലെ വകവച്ചംഗീകരിക്കണമെന്നാണവരുടെ വാദം. ഉത്തമജ്ഞാനികളും അതിമാനുഷന്മാർക്കൂടിയും, ശ്വാസോച്ഛ്വാസം ചെയ്യുന്നു, ജലപാനം ചെയ്യുന്നു, ആഹാരം കഴിക്കുന്നു, മലമൂത്രവിസർജ്ജനം ചെയ്യുന്നു, ഇവയെല്ലാം ശിഷ്ടാചാരത്തിൽ പെട്ടമല്ലോ. ആയപോലെ യോഗത്തിലെ ധാരണാധ്യാനസമാധികൾ ഒഴിച്ചുകൂടാൻ വയ്യാത്തവയാണു്. ആകകൊണ്ടു് കർമ്മയോഗജ്ഞാനവിഷയങ്ങൾ പഠന വിഷയങ്ങളാകേണ്ടതാണു്.

—എങ്ങനെയോ ഇങ്ങനങ്ങു വന്നുപററി—
ഇതാണു് ലോകത്തു സംഭവിച്ചതായി പറയപ്പെടുന്ന വ്യഥ. ഇതിനെ തരണം ചെയ്യലത്രേ ഏവനുമുള്ള വിഷയം.

വേദം പോരായ്മകളറിഞ്ഞു് കർമ്മം കൊണ്ടു് നികത്താനാരംഭിച്ചു. അപൗരുഷേയമായ വേദം, വേദമെന്ന പേരിനാൽ തന്നെ അറിവാണല്ലോ. അതറിവുകേടു പ്രസംഗിക്കയില്ലെന്നു തീരുമാനിക്കാം.

വേദത്തിന്റേയും വേദാന്തത്തിന്റേയും ഏററവും പ്രഗത്ഭമായ സംഭാവന മഹാവാക്യങ്ങളും അവാന്തരവാക്യങ്ങളും ആകുന്നു. ഇതു നമുക്കു പഠനവിഷയമാക്കാം.

1. പ്രജ്ഞാനമാനന്ദം ബ്രഹ്മ
2. അഹം ബ്രഹ്മാസ്മി
3. തത്ത്വമസി
4. അയമാത്മാ ബ്രഹ്മ

ഇവിടെയെല്ലാം 'ആണ്' എന്ന പദമാണ് മുഖ്യമെന്നു കാണാം. അതായതു് പ്രജ്ഞാനമാനന്ദം ബ്രഹ്മമാണ്. അഹം ബ്രഹ്മമാണ്. അതു നീ ആണ്. ഈ ആത്മാബ്രഹ്മമാണ്. ഈ വിധം മനസ്സിലാക്കിയാൽ കർമ്മപ്രവേശനത്തിനു വഴിയില്ല.

ഇവിടെ കൂടുതൽ വിവരിക്കുന്ന ശാസ്ത്രഭാഗം കണക്കിലെടുക്കണം. അതിൽ "അതി" എന്നും "നിജ" എന്നും രണ്ടു പ്രയോഗങ്ങൾ കാണാം. ഇതു് ശ്രീ ദക്ഷിണാമൂർത്തി സമ്മതമായ അദ്ദേഹത്തിന്റെ തന്നെ ഉപദേശമാർഗ്ഗമാണ്.

ആക്കുകയാണു ചെയ്യേണ്ടതു് എന്നു വന്നാൽ, ആക്കുക അല്ലെങ്കിൽ ആക്കുക എന്നതിലെ സൂചിതമായ ആയിത്തീരുക എന്നതു് അംഗീകാരയോഗ്യമല്ല. എന്തെന്നാൽ അതാകുന്നതിനു മുമ്പതല്ലായിരുന്നു എന്നു വരുമല്ലോ. എന്നാൽ അതുതന്നെയാണെടോ എന്നാണുപദേശം. ഇതു് കർമ്മാതീതമെന്നോ ഫലാതീതമെന്നോ വിവരിക്കപ്പെടേണ്ട—ആണ്—എന്ന അതീതാവസ്ഥയാണ് സൂചിപ്പിക്കുന്നതു്.

അടുത്തതു് നിജ എന്ന പ്രയോഗമാണ്. ആക്കുക എന്നു പറഞ്ഞാൽ ആക്കപ്പെടേണ്ടിയിരിക്കുന്നു എന്നു വരുന്നു. ഇതു് വേദാന്തസമ്മതമല്ല. ആയപോലെ ആകുക എന്നായാൽ ആകാതിരുന്നിരുന്നു എന്നു വരുമല്ലോ. ഇതും വേദാന്ത സമ്മതമല്ല. ആകകൊണ്ടു്, 'ആണ്' എന്ന അതീതാവസ്ഥ അംഗീകാരമായി വന്നതു്. ആണ് എന്നു വന്നാൽ മുമ്പല്ലാതിരുന്നു എന്നു വരില്ല, ആകയാൽ ഇതു് നിജ സ്വഭാവമെന്നു വന്നതും അംഗീകാരമായതും ആകുന്നു.

ഇപ്രകാരേണയുള്ള വിവരണം, 'വേദാന്തവാക്യാർത്ഥ സുനിശ്ചിതാർത്ഥത്തെ ചെയ്യുമെന്നു മനസ്സിലാക്കണം. ഇവ സംശയത്തെ ഛേദിക്കതന്നെ ചെയ്യും.

ഇനി അല്പം സമാധിവിവരണം ശ്രദ്ധിക്കാം.

"ദൃശ്യ ശബ്ദാനുവിദ്ധോയം
സമാധിസവികല്പകഃ

കാമാദ്യാചിത്ത ഗാദൃശ്യാ
സ്തത്സാക്ഷിത്വേന ചേതനം
ധ്യായേദ്ദൃശാനു വിദ്ധോയം
സമാധിസവികല്പകഃ

അസംഗസച്ചിദാനന്ദ
സ്വപ്രഭോദ്വൈത വർജ്ജിതഃ
അസ്മീതി ശബ്ദവിദ്ധോയം
സമാധിസവികല്പകഃ

ഈ ശാസ്ത്രഭാഗങ്ങളുടെ പ്രത്യേകത കൂലംകഷമായി നിരൂപണം ചെയ്തു പഠിക്കേണ്ടതാണ്. ദൃശ്യം ശബ്ദം ഇവകളോടുകൂടിയ സമാധി സവികൽപ്പകമാണ്, വികൽപ്പത്തോടുകൂടിയതാണ്. കാമരാഗാദി ചിത്ത ദൃശ്യങ്ങളെ സാക്ഷിത്വേന അറിഞ്ഞുകൊണ്ടിരിക്കുമ്പോൾ ചേതനനെ ധ്യാനിച്ചു കിട്ടുന്ന സമാധിയും സവികൽപ്പ സമാധിയത്രേ.

അസംഗൻ സച്ചിദാനന്ദൻ സ്വപ്രഭൻ ദ്വൈത വർജ്ജിതൻ ഇപ്രകാരമുള്ളവനത്രേ താനെന്നു തീരുമാനിച്ചുള്ള സമാധിയും സവികൽപ്പം തന്നെ.

"സ്വാനുഭൂതിരസാവേശാൽ
ദൃശ്യശബ്ദാനുപേക്ഷിതു:
നിർവികൽപ്പസമാധി: സ്യാ
നിവാദ സ്ഥിതദീപവൽ"

തന്നെ അറിഞ്ഞുള്ള രസാവേശാൽ ദൃശ്യശബ്ദങ്ങളെ പേക്ഷിക്കപ്പെട്ട്, കാററില്ലായിടത്തിലെ നിശ്ചലദീപം പോലെ വിളങ്ങുന്നതേ നിർവികൽപ്പം.

"പ്രശാന്തവൃത്തികം ചിത്തം
പരമാനന്ദ ദായകം
അസംപ്രജ്ഞാതനാമായം
സമാധിര്യോഗിനാം പ്രിയ"

• പ്രശാന്ത വൃത്തിയായി തീർന്ന ചിത്തത്തോടെ പരമാനന്ദപ്രകാശം കണ്ടെത്തി നിലകൊൾവതേ അസംപ്രജ്ഞാത സമാധി. യോഗികൾക്ക പ്രിയങ്കരമാണിതു്.

"പ്രഭാശ്ശൂന്യം മനഃശ്ശൂന്യം
ബുദ്ധിശ്ശൂന്യം ചിദാത്മകം
അതദ്വ്യാവൃത്തിരൂപോസൗ
സമാധിർമ്മുനിഭാവിതഃ"

പ്രഭാശ്ശൂന്യമായും മാനസികമായ ദൃശ്യപ്രഭകളെല്ലാം ശൂന്യമായി ഭവിക്കയും മനസുതന്നെ ശൂന്യതയെ പ്രാപിക്കയും, നിശ്ചയാത്മികമായ പ്രവർത്തിരാഹിത്യത്താൽ ബുദ്ധിയും ഇല്ലാത്തതായി ഭവിക്കയും ചിദ്രൂപപ്രബോധമാത്രമായി നിലകൊണ്ടു നില്ക്കുന്ന, മനനപ്രിയരായ മുനികളാലനുഭവിക്കപ്പെടുന്നതരം സമാധിയെയാണ് മുനികൾ ഭാവന ചെയ്യുന്നതു്.

"ഊർദ്ധ്വപൂർണ്ണമധഃപൂർണ്ണം
മദ്ധ്യപൂർണ്ണം ശിവാത്മകം
സാക്ഷാത്‌വിധിമുഖോഹ്യേഷാ
സമാധിപാരമാർത്ഥികഃ

മുകൾപ്പരപ്പു മുഴുവൻ തന്നാൽ നിറയപ്പെട്ട് പൂർണ്ണമായും, കീഴ്ഭാഗവും അതുപോലെ നിറവുററു് പരിപൂർണ്ണ നിലയിൽ നിലനിൽക്കുന്നതായും, ഇടയും ഇടതിങ്ങി

താനായ ബ്രഹ്മം നിറവുററ് പൂർണ്ണമായി നില്ക്കുംനിലയെ മംഗളാത്മകമായനിലയെ – സമാധിയെ – വിധിമുഖമെന്ന സമാധിയായി പറയപ്പെടുന്നു. ഇവകൾ പാരമാർത്ഥിക സമാധികളെന്നറിയപ്പെടുന്നു.

ഇങ്ങനെ വളരെ പ്രധാനങ്ങളും സർവസമ്മതവുമായി ചില സമാധികളെ ശ്രീരാമചന്ദ്രൻ പറഞ്ഞിട്ടുണ്ട്. അത്യന്തമുന്നതമായ ഈ സമാധികളെ വിശകലനംചെയ്തു പഠിക്കേണ്ടതു് വേദാന്തികൾക്കേവർക്കും അത്യന്താപേക്ഷിതമാണു്.

സ്വാനുഭൂതിരസത്തിലുള്ള ആവേശത്താൽ ദൃശ്യം ശബ്ദം മുതലായവ ത്യജിക്കപ്പെട്ട കാണുന്നതിനെ നിർവികൽപ്പസമാധി എന്നു പറയുന്നു. ഇവിടെ മറ്റെല്ലാമുപേക്ഷിക്കപ്പെട്ടുവെങ്കിലും സ്വാനുഭൂതിരസത്തെ ത്യജിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അതാണു് മറ്റെല്ലാവറ്റേയും ത്യജിക്കുവാൻ കാരണക്കാരനായി നിൽക്കുന്നതു്. അതായതു് തന്നെ അറിഞ്ഞ സ്വാനുഭൂതിയിൽ നിമഗ്നനാകലാണു് ഇവിടെ സംഭവിച്ചിരിക്കുന്നതു്. ഇതിനെയാണു് വേദമായാലും വേദാന്തമായാലും അവകളുടെ കഴിവുകൾ മുഴുവനെടുത്തു് പ്രകാശിപ്പിക്കുന്നതു്. ഇവിടെങ്ങും ആത്മവാൻ ബോധശൂന്യനാകുന്നില്ല. നിത്യബോധാമൃതമാസ്വാദിച്ച് ആനന്ദമഗ്നനായി നിലകൊള്ളുന്നു.

എന്നാൽ ഈ സമാധികൾ ആർക്കു്–എന്തിനു്–എങ്ങനെ വേണ്ടിവന്നു–എങ്ങനെ കൽപ്പന ചെയ്തു. ഇങ്ങനെ അനവധി ചോദ്യങ്ങൾ അവശേഷിക്കുകയും ആദ്യാവസ്ഥ അതായതു്–എങ്ങനയോ ഇങ്ങനെവന്നു പറ്റി–എന്നു തുടങ്ങുന്ന വ്യഥയുടെ കാരണം കണ്ടെത്തലിതിലില്ല.

സമാധി സംഭവിക്കുന്നതിനു് ഉപോൽബലകമായി നിൽക്കുന്ന ഘടകങ്ങളിൽ അതിപ്രധാനമാണു് പ്രാണൻ. പ്രാണൻ പ്രജ്ഞാത്മാവായ ബ്രഹ്മം തന്നെ എന്നു പറയുന്ന ശ്രുതികളുമുണ്ട്. മാത്രമല്ല പ്രാണനെ മനുഷ്യശരീര

ത്തിൻെറ ഓരോ ഭാഗങ്ങളിൽ നിറുത്തി,ധാരണ ഉറപ്പിച്ച്, ധ്യാനത്തെ ചെയ്യുന്നവർക്ക് വിരാഡ്രൂപ ദർശനത്തിൽ പറയുന്ന പല അനുഭവങ്ങളും ദർശനങ്ങളും സാധ്യമാകും. വിരാട്ട് സ്ഥൂലമായി, ബ്രഹ്മാണ്ഡമായി, ബൃഹത്തായി, മഹത്തായി, സർവ്വത്ര വ്യാപിച്ചും, മനുഷ്യൻ പിണ്ഡാണ്ഡമായി പരിക്ലിപ്തമായി, ദേഹമായുമറിയപ്പെടുന്നു. ഇവ തമ്മിൽ സ്ഥൂലസൂക്ഷ്മം പോരാ, ബൃഹത്ക്ലിപ്ത വ്യത്യാസം തോന്നുമെങ്കിലും, ഒന്നുതന്നെ ആകകൊണ്ട് അവിടെ കാണുന്ന മഹാകാശം ഇവിടെ ദർപ്പണേ പ്രതിബിംബാകാശമായി കാണാം. ഇവിടെ പ്രധാന ഘടകം പ്രാണനും മനസ്സുമാണ്.

പ്രാണൻ ഊർദ്ധ്വമാർഗ്ഗങ്ങളിൽ പ്രവേശിക്കുമ്പോഴം സ്വർഗ്ഗലോകഗമനവും സൂര്യലോകഗമനവും മററും സംഭവിക്കുന്നത് അനുഭവപ്പെട്ടും. മനസ്സവിടെയെല്ലാം പ്രവേശിച്ചാലും ഇത്രയും സ്ഥായീഭാവമുണ്ടാകുന്നില്ല. അത് സ്വപ്നമായോ മനോരാജ്യമായോ പരിമിതപ്പെട്ടുപോകുന്നു. എന്നാൽ ഇതിലൊക്കെ വിശിഷ്ടമായി പ്രാണനൊരു പ്രവർത്തനമുണ്ട്. അത് രോമകൂപസഞ്ചാരിയായി ഉജ്ജ്വല ഫൂൽകാരധ്വനിയോടെ ഘോരതയോടെ വ്യക്തിത്വത്തെ ഭയപ്പെടുത്തുമാറ്, കുണ്ഡലിനീശക്തിയല്ലാതെ മറെറാന്നും, സമാനം പറയാനൊക്കാത്തവിധം ഒരു ശക്തിപ്രവാഹമുണ്ട്. ഇത് സുന്ദരമായി, ഭയജനകമായി, താനായി, നിർമ്മല ബ്രഹ്മാനുഭവം കാട്ടി, വിരാജിക്കുക അനുഭവപ്പെട്ടിട്ടുണ്ട്.

എന്നാൽ ഇപ്രകാരമുള്ള പൊടിപ്പൂരങ്ങളൊന്നുമില്ലാതെ പ്രാണൻ സർവ സ്ഥാനങ്ങളിലും പ്രകാശം കണ്ണാടിയിൽകൂടി എന്നവണ്ണം സ്വതന്ത്രസഞ്ചാരം ചെയ്ത് ഏററവും സ്വച്ഛമായ നിലയിൽ നിർവികൽപസമാധിയിലെത്തിക്കുന്നുണ്ട്.

"ബ്രഹ്മഗ്രന്ഥിർ ഭവേദ്ഭേദോ
ഹ്യാനന്ദ ശൂന്യസംഭവഃ
വിചിത്രക്വണകോദേഹേ
അനാഹതശ്ശ്രൂയതേധ്വനിഃ"

ബ്രഹ്മഗ്രന്ഥി ഭേദിക്കപ്പെട്ടമ്പോൾ ഹൃദയാകാശസംഭവമാകുന്ന ആനന്ദകരമായ അനാഹതധ്വനി പലവിധത്തിലുള്ള ആഭരണങ്ങളുടെ കിലുക്കംപോലെ അനുഭവപ്പെട്ടും

"വിഷ്ണുഗ്രന്ഥേസ്തതോ ഭേദാൽ
പരമാനന്ദ സൂചകഃ
അതിശൂന്യേവിമർദ്ദശ്ച
ഭേരീശബ്ദസ്ഥദാ ഭവേൽ"

വിഷ്ണുഗ്രന്ഥിഭേദനസംഭവത്തിൽ പരമാനന്ദസൂചകമായും ശൂന്യാകാശത്തിന്റെ ശൂന്യതയെ ഉടച്ച് ഭേരീശബ്ദത്തെ നൽകി അനാഹതം വിരാജിക്കുന്നതനുഭവപ്പെട്ടും.

"രുദ്രഗ്രന്ഥിംതദാഭിത്വാ
ശർവപീഠഗതോ/നിലഃ
നിഷ്പത്തൗ വൈണവഃ ശബ്ദ
കണദ്വീണാകണോ ഭവേൽ"

രുദ്രഗ്രന്ഥിഭേദിച്ചുകൊണ്ടു ശർവ്വപീഠത്തിൽ പ്രാണൻ പ്രവേശിച്ചുകഴിഞ്ഞാൽ തന്ത്രികൾ മീട്ടിയിരിക്കുന്ന വീണയുടെ വീണാനാദം അനുഭവപ്പെട്ടും.

ഇപ്രകാരമുള്ള ഗ്രന്ഥിഭേദനം സമാധിസ്ഥനും അറിഞ്ഞുതെളിഞ്ഞവനും അനുഭവപ്പെട്ടും. അറിഞ്ഞുതെളിഞ്ഞവൻ എന്നു പറയണമെങ്കിൽ അവനിൽ ഗ്രന്ഥിഭേദനവും നടന്നിരിക്കും എന്നോർക്കണം. 'ഗ്രന്ഥിഭേദനം ചെയ്തിട്ടു സഞ്ചരിച്ചീടുമേ ബുധർ' എന്നാപ്തവാക്യവുമുണ്ടു്. അറിഞ്ഞുതെളിഞ്ഞവനെന്നു പറഞ്ഞാൽ സമാധിസ്വയമേ സംഭവിക്കുമാറ് സ്വച്ഛമായവനാണ്. സമാധിയിലറിഞ്ഞുകൊണ്ടിരിക്കും നിലയിൽ സ്വയമേവ അറിഞ്ഞനുഭവിച്ചിരിക്കും.

ജ്ഞാനം എന്നു പറവതു് സ്വപ്രകാശംതന്നെയാണ്. ഇതനുഭവാലറിയണം. ഈ ജ്ഞാനം സർവ്വപ്രകാശകമാണ്. 'സർവ പ്രകാശകം ജ്ഞാനം' എന്നല്ല എല്ലാമറകളേയും

പൊളിച്ച് ആത്മാവിനെ വെളിപ്പെടുത്തുന്ന ചിന്മാത്രമത്രേ ജ്ഞാനം. ഇങ്ങനെ, നെടുകേയും വിലങ്ങനേയും നോക്കിയാലും സ്വപ്രകാശം തന്നെയാണു് ജ്ഞാനം. അതായതു് തന്റെ തന്നെ പ്രകാശം, അതായതു് ആത്മപ്രകാശം, അതായതു് താനായി, അറിവായി അറിഞ്ഞുനിലകൊള്ളും നിലയിലെ അറിവു മാത്രമായ താനത്രേ ജ്ഞാനം.

ഈ ജ്ഞാനമുണ്ടാവതെങ്ങനെ.

"കഥം ജ്ഞാനമവാപ്നോതി
കഥം മുക്തിർ ഭവിഷ്യതി
വൈരാഗ്യം ച കഥം പ്രാപ്ത
മേതദ്ബ്രൂഹി മമ പ്രഭോ"
മുക്തിമിച്ഛസി ചേത്താതാ
വിഷയാൻ വിഷവത്യജ
ക്ഷമാർജ്ജവദയാതോഷാ
സത്യം പീയൂഷവത് ഭജ"

മുക്തി ഇച്ഛിക്കുന്നവൻ വിഷയങ്ങളെ വിഷംപോലെ വർജ്ജിച്ച് ക്ഷമാ, ആർജ്ജവം, ദയാ, തോഷം, സത്യം ഇവകളെ അമൃതസമാനം സ്വീകരിക്കുക.

## രണ്ടാം ഭാഗം

മഹാവാക്യത്തോടെ വേദവും വേദാന്തവും അതിന്റെ ശ്രേഷ്ട ഫലപ്രസാദ വിതരണം നിർവ്വഹിച്ചു കഴിഞ്ഞു. എന്നാൽ ഈ മഹാവാക്യങ്ങൾക്ക് ശ്രീ ദക്ഷിണാമൂർത്തി ഭഗവാൻ, ആദിഗുരു, ലോകഗുരു വിവരണം, ഒരു പ്രത്യേക തരത്തിലാണ് കാണുന്നത്. ഇതും പഠനവിഷയമാണ്.

"ബ്രഹ്മസാക്ഷാത്ക്കാരമേ മുക്തി, എന്നാകയാൽ ബ്രഹ്മാനുസന്ധാനം പരോക്ഷജ്ഞാനമല്ലാതെ മുക്തി ആകയില്ല. ഇതു് ഉപാസനാ നിഷേധമാണ്. ബ്രഹ്മവും പ്രപഞ്ചവും ഒന്നെന്നു കാണുന്നതു് പരിണാമത്തെ ചെയ്യും. ബ്രഹ്മത്തിൽ ഉൽപ്പന്നമായിയെന്നുകാണുന്നതു് തെറ്റാണ്. ചിത്തിൽ ഉൽപ്പത്തിയില്ലതന്നെ. രജ്ജുവിൽ സർപ്പ മുണ്ടായപോലെ എന്നതും ശരിയല്ല. ജഡപ്രകൃതിക്കു വിവർത്തമില്ല ബ്രഹ്മത്തിനു ഭ്രാന്തിയുമില്ല. ബ്രഹ്മധ്യാനം മായയാണ്, കൽപ്പിതവുമാണ്. ബ്രഹ്മത്തിൽ ചേരാതെ ധ്യാനത്തിൽ ചേരുക മുക്തി അല്ല. ത്രികാലജ്ഞാനദൃഷ്ടിയും മുക്തി അല്ല അതു് സർവജ്ഞത്വോപാസനയേ ആകൂ. വസ്തു ലക്ഷണ ശൂന്യമാണ്. ബ്രഹ്മാനന്ദമേ മുക്തി എന്നല്ല ബ്രഹ്മാനുഭവമാണു മുക്തി. ചിന്തയററ് താനായിരുപ്പതു് സാധനയേയാക. ആത്മവസ്തുവേ ഗുരുമുഖമായ റിഞ്ഞു് സർവോന്നത നില വരുന്നതേ മുക്തി. സാക്ഷാത്കാരേ അന്യവസ്തു ധാരണ ഇല്ല സച്ചിദാനന്ദവുമവിടില്ല. ബന്ധമുക്തികളില്ല. ബ്രഹ്മത്തോടു പ്രകൃതി കൂടുകില്ല. ബ്രഹ്മമല്ലാതെ സർവ്വവുമെന്നൊന്നില്ല. ബ്രഹ്മം നിശ്ചയാതീതം, ബ്രഹ്മം ഉദയാസ്തമന രഹിതം. അജ്ഞാനാവരണ നിവിർത്തിയേ മുക്തി. ബ്രഹ്മജ്ഞനു് പ്രപഞ്ചമില്ല. ജ്ഞാനം പരിണാമരഹിതം."

ഈ മാതൃകയിലുള്ള ഒരു ജ്ഞാനവിഹായസാണ് ശ്രീ ദക്ഷിണാമൂർത്തി ഭഗവാൻ പറഞ്ഞു കാട്ടുന്നതു്.

എന്നാൽ മററു ജ്ഞാനവിഹായസും കാണണമല്ലോ. ബന്ധംഎന്നു പറവതു വിഷയത്തിലുള്ള ആസക്തിയാണ്

മുക്തി എന്നതു് വിഷയത്തിൽനിന്നുള്ള നിവൃത്തിയുമാണല്ലോ. നിർഗ്ഗുണമെന്നാൽ ഗുണരഹിതമായതു്, നിർവിഷയമെന്നാൽ വിഷയജഗത്തേ ഇല്ലാത്തതു്. ഈ വിധേനയുള്ള ആത്മവാനേ നിത്യമുക്തിയ്ക്കർഹത പറയുന്നുള്ളു. ഈവിധം ഗുണരഹിതമായി നിലകൊള്ളുന്നതിനേജ്ഞാനി മുക്തിയെന്നു സമ്മതിയ്ക്കുന്നുള്ളൂ. അതായതു് ബ്രഹ്മമെന്നതു് നിത്യബോധാമൃതസ്രോതസ്സാണു്, നിത്യമെന്നതു് ദേശകാല പരിഗണനകൾക്കപ്പുറം അന്തമററു നിലകൊള്ളുന്ന ഭാവാഭാവങ്ങളേയും കടന്നു വിഹരിക്കുന്നതാണു്. ബോധമെന്നതു് അവർണ്ണനീയവും മനോവചസുകൾക്കെത്തുപെടാതെ നിൽക്കുന്നതും ചതുർവിധത്തിൽ പരിലസിക്കുന്നതും സർവസാക്ഷിയുമായ ഏക ഉണ്മയാണു്. ആനന്ദമാകട്ടെ സർവമെന്ന നിലവിട്ടു് ശോകനാശം ഭവിച്ചു ഏകീഭവിച്ചു നിലകൊള്ളുന്ന ആത്മസ്വഭാവമാണു്. ഇങ്ങനെ അവ്യക്തത്തിൽ വല്ലതും പറഞ്ഞുവെയ്ക്കാമെന്നല്ലാതെ ഇവയൊന്നും പൂർണ്ണമോ ആത്മാവോ ബ്രഹ്മമോ ആകുകയില്ല.

ഇതിലേയ്ക്കു് ആവുംവിധം, ഉപനിഷത്തുകൾ കടന്നു ചെന്ന വിധം കാണാം.

> "മനോഹിദ്വിവിധം പ്രോക്തം
> ശുദ്ധംചാശുദ്ധമേവച
> അശുദ്ധം കാമസങ്കൽപ്പം
> ശുദ്ധം കാമവിവർജ്ജിതം
> മന ഏവ മനുഷ്യാണാം
> കാരണം ബന്ധമോക്ഷയോഃ
> ബന്ധായവിഷയാസക്തം
> മുക്തൈനിർവിഷയം സ്മൃതം"

ഇതുപോലെ പലതും പറഞ്ഞുതന്നു സമാധാനം തരുന്നുണ്ടു്. ഇവിടെ നിറുത്താതെ അവകൾ തരുന്ന എല്ലാ പാഠങ്ങളും പഠിക്കുകതന്നെ വേണം. ഇതു് മതിയോ? ജിജ്ഞാസുക്കൾ ക്രൂലംകഷമായി ചിന്തചെയ്തു് ഏതു തനിക്കു യോജിച്ചതോ അതു സ്വീകരിക്കാം. അല്ലാതെ വെള്ള

ത്തിലെറിയപ്പെട്ട പൂച്ചയെ കരകയറാൻ വെള്ളത്തിൽ കല്ലെട്ടത്തെറിയുംപോലെ ആകരുതു്. പൂച്ചെയ്യേറൊഴിയണം, വെള്ളം കുടിക്കാതെ നോക്കണം, ചാകാതെ കരപററണം. ഇങ്ങനെ കരകാണാക്കടലിൽ എറിയപ്പെട്ട പൂച്ചയെപോലെ നീന്തെടാനീന്തു്-ഏറു കൊള്ളാതെനോക്കണം-വെള്ളം കുടിക്കാതെ നോക്കണം. കരപററാൻ നോക്കണം ജീവൻ പോകാതെനോക്കണം ജലത്തിൽ മഹാസാഗരത്തിൽ-ജഗത്താം മഹാന്ധകാരത്തിൽ എറിയപ്പെട്ട മനുഷ്യരാശിയെ, ജീവരാശിയെ രക്ഷപ്പെടുത്താൻവേണ്ടി മഹത്തുക്കൾ ചെയ്ത യത്നങ്ങൾ എത്ര എത്ര എത്ര ബൃഹത്തരം.

ത്രികാലജ്ഞരായ വൈദിക ഋഷീശ്വരന്മാർ അറിവു വിളമ്പും വേദാന്തികളായ സന്യാസിമാർ, മഹത്തുക്കളായ ജൈനതീർത്ഥങ്കരന്മാർ, ബുദ്ധനും അഹിംസാമൂർത്തികളായ ബുദ്ധസന്യാസിമാർ, കൃസ്തുവും നബിയും, എല്ലാവരും കഴിവതും ചെയ്തുനോക്കി. അയ്യയ്യോ കഷ്ടം കഷ്ടം ഇപ്പോഴും പൂച്ച ളെളവത്തിൽതന്നെ. പിന്നെന്തേ മാർഗ്ഗം ജീവൻ പോവോളം പ്രാണൻ വിടപറയുവോളം പ്രയത്നിക്കയല്ലാതെ മറെറന്തേ മാർഗ്ഗം.

നവീനാചാര്യന്മാരുടെ വെളിച്ചത്തിൽ പൂർവ്വഋഷീശ്വരന്മാരുടെ പ്രകാശത്തിൽ പ്രവേശിക്കാം, കിട്ടുന്നതാരായാം.

ബൃഹത്തായ ബ്രഹ്മം നിർഗ്ഗുണമെന്നും നിർവിശേഷമെന്നും ലക്ഷണബ്രഹ്മമെന്നും സഗ്ഗുണമെന്നും സവിശേഷബ്രഹ്മമെന്നുമൊക്കെ മഹത്തുക്കൾ വ്യവഹരിക്കുന്നു. ഇതെല്ലാം പൂർവ്വരും നവീനരും അംഗീകരിക്കുന്നുണ്ടു്.

നിർഗ്ഗുണനിർവിശേഷങ്ങൾ വിവരണാതീതമാണല്ലോ ആകകൊണ്ടു് ലക്ഷണസഗ്ഗുണങ്ങൾ പഠിക്കാമാദ്യം.

സത്യം ജ്ഞാനമാനന്ദം ബ്രഹ്മം, ഇതിനേയാണു് ലക്ഷണ ബ്രഹ്മമായി കണക്കാക്കുന്നതു്. ഇതിൽ ഒന്നുകിൽ സത്യത്തിലുറക്കുക അല്ലെങ്കിൽ ബോധത്തിലുറക്കുക അതുമല്ലെങ്കിൽ ആനന്ദത്തിലുറക്കുക ഇതിലേതായാലും അക്കരെ എത്തിക്കുമെന്നാണു് പറയപ്പെടുന്നതു്.

---

രണ്ടാം പാരഗ്രാഫിൽ "ളെളവത്തിൽ" എന്നതു് വെള്ളത്തിൽ എന്നു പാഠം.

സത്യത്തിന് രണ്ടു ഘടകങ്ങളുണ്ട്. ഒന്ന് പരമാർത്ഥത; രണ്ട് നിത്യത. ഇതു് സത്യത്തിൻെറ ബോധമുഖങ്ങളാണ് അഥവാ ബോധനയനങ്ങളാണ്, അഥവാ അവസ്ഥാവിശേഷങ്ങളാണ്. പരമാർത്ഥമല്ലാത്തതൊന്നും എന്നും നിലനിൽക്കുകയില്ല. അതായതു് അതിനു് നിത്യതയില്ല. എങ്ങനെയെന്നാൽ പരമാർത്ഥം ഏതവസരത്തിലും എവിടേയും ഏതവസ്ഥയിലും ശരിയായുള്ളതാണ്, എന്നുമുള്ളതു് സത്യമാണ്, നിത്യമാണ്. ഏതൊരവസരത്തിങ്കലെങ്കിലും ഇല്ലാത്തതു് ഇല്ലാത്തതുതന്നെ. ഉള്ളതില്ലാത്തതാവില്ലൊരിക്കലും, ഇല്ലാത്തതൊട്ടുള്ളതുമാവില്ല. ആയപോൽ തന്നെ ഇല്ലായിടവും കാണുകില്ല; ഉള്ളയിടമൊട്ടു പോകുകയുമില്ല. അപ്രകാരമേ പരമാർത്ഥമതോർക്കണം.

ഇനിയും ജ്ഞാനമെടുക്കാം—ഇതു് പാലും മററും പാത്രങ്ങളിൽ കരുതുംപോലെ ബുദ്ധിമുതലായവകളിൽ സൂക്ഷിക്കപ്പെടും വസ്തുവല്ല. എന്നാൽ ഇതു് വസ്തുതത്വമാണെന്നതാണും, ഇതു് അപരിച്ഛിന്ന, സർവവ്യാപക, സൂക്ഷ്മാതിസൂക്ഷ്മവസ്തുതത്വമാണെന്നതാണും. ഇതിനെ ആത്മാണുവെന്നപറയുംപോലെ ബോധാണുവെന്നു പറഞ്ഞിട്ടില്ല; പറയാറില്ല. ബോധാമൃതം ബോധരസം എന്നൊക്കെ പ്രയോഗം കാണുന്നുമുണ്ട്. ഈ രീതിയിൽ ജ്ഞാനം വിരാജിക്കുന്നുവെന്നറിക.

ഇനിയും ആനന്ദം ഒന്നു പരിശോധിക്കാം. ജീവനു് ബോധത്തിൽ അനുഭവഗോചരമായിട്ടെത്തുപെടും വസ്തുതത്വമത്രേ ആനന്ദം. ഇതു് ഒരുപ്രത്യേക വസ്തുതത്വമാകുമോ, അതുപോലെതന്നെയാണ് സത്യാവസ്ഥയും. ഇവരണ്ടും അവസ്ഥാന്തരങ്ങളല്ലാതെ വേറിട്ടുവസ്തുതത്വമാകുമോ. അതുപോലെതന്നെയാണ് സത്യാവസ്ഥയും: എന്നാൽ ബോധാവസ്ഥ അവസ്ഥാന്തരത്തിൽ പെടുന്നുവല്ലോ എന്നാണെങ്കിൽ അവിടെ ബോധത്തിലാണവസ്ഥ, അല്ലാതെ ബോധമവസ്ഥയാകലല്ലാ. അങ്ങനെ അവസ്ഥാവിശേഷങ്ങളററ ബോധമത്രേ ബ്രഹ്മം. ഇത്രയും പറഞ്ഞതുകൊണ്ടു് ബ്രഹ്മം, നിർവിശേഷസച്ചിദാനന്ദബ്രഹ്മം, എന്ന വ്യവഹാരത്തിനു മതീതമാണ്. അതിനു് പാരമാർത്ഥികസത്തയാണ് ദേശം

അഥവാ ഇടം. ആകയാലാണ് സത്യാനന്ദങ്ങളിൽ ബോധ മേകമായ് നിലകൊൾവത്.

ഇനിയും സഗുണബ്രഹ്മത്തിലേയ്ക്കല്പം കടക്കാം – സ ഗുണബ്രഹ്മമെന്നു പറവതു് അനന്തമായ ജഗത്തത്രേ. അതിൽ പാതാളം പാദമൂലം തുടങ്ങുന്ന സർവ്വലോകങ്ങളും ഉൾപ്പെടുന്നു. സൗരയൂഥമാണ് നമ്മുടെ ലോകമായി കണ ക്കാക്കപ്പെടുന്നതു്. ഇതിന്റെതന്നെ വ്യാപ്തിയെടുത്താൽ എത്രയോ കോടിയോജനയ്ക്കപ്പുറത്തു് അത്യന്തം ബൃഹ ത്തായി ശനി വ്യാഴം ഇവയെല്ലാം നിലകൊള്ളുന്നു. ഇവ യെല്ലാംതന്നെ സത്യമായി നാമറികയും ചെയ്യുന്നു. ഈ അറിവുകളാണെങ്കിൽ എത്രയോ പരിമിതമാണ്. യഥാർ ത്ഥവസ്തുവിന്റെ തുച്ഛ തുച്ഛമായ ഒരു അംശമല്ലേ നാമറിയു ന്നുള്ളു. ഒരുള്ളിത്തൊലിയുടെ ഘനത്തിലുള്ള ചില്ലിൽ പ്രപഞ്ചം പടച്ചുകാട്ടുന്ന പ്രകൃതിയുടെ വികൃതി എത്രയോ അവാച്യവും മാനവമനസ്സിനെന്നല്ല മനോസമുച്ചയത്തിനും എത്തുപെടാത്തതുമാണ്. ഊഹപോഹങ്ങൾക്കു വിവരി ക്കാവുന്ന ഒരു സ്ഥൂലലോകഭാവന ഞാൻ വരച്ചുകാട്ടാം. ഈ ലോകത്തറിയപ്പെടുന്ന സർവമാന ജീവജാലങ്ങളും ഒരു കാലത്തു് മുക്തമാകുകതന്നെചെയ്യും. എന്തെന്നാൽ ബന്ധ നമെന്നതില്ലാത്തതാണെന്ന് ബോധ്യം വന്നാൽ മാത്രം മതി. ദീർഘകാലം വനവാസംനടത്തിയ പുരുഷൻ സ്വപ്നമോചന ത്തിൽ വളരെക്കാലം വനവാസം ചെയ്തില്ലെന്നറിയും. ആയപോലെ ബന്ധം എന്നൊന്നില്ലാത്തതാണെന്നറിയു ന്നേരം ജീവരാശി മുക്തമാകും.

മഹാവാക്യപ്പൊരുളിനെ പഠിക്കുമ്പോൾ നാം ശ്രീദ ക്ഷിണാമൂർത്തിഭഗവാന്റെ പഞ്ചപദമഹാവാക്യവിശക ലനം അത്യന്തം ശ്രദ്ധേയമാണ്. മഹാവാക്യങ്ങളോടു് രണ്ടു പദങ്ങൾകൂടിചേർത്താണ് അതിനെഅവതരിപ്പിക്കുന്നതു്. തത് ത്വം അസി അതി നിജ ഇവയാണ് പഞ്ചപദങ്ങൾ, മുക്ത്യനുഭവ സാക്ഷാത്ക്കാരത്തിനു് അതായതു് വിപരീ തഭാവനയോ സംശയഭാവനയോ കൂടാതെ ബ്രഹ്മാനുഭവം

സുശിക്ഷിതമായി നിലനില്ക്കുന്നതിനു് ഈശ്വരാനുഗ്രഹവും ഗുരുകടാക്ഷവും, മഹാപുരുഷസംഗമവും മററും വേണമെന്നാണു് ഇവരുടെ അഭിപ്രായം.

അവധൂതഗീത—

“ഈശ്വരാനുഗ്രഹാദേവ
പുംസാമദ്വൈതവാസനാ—”

ഉപനിഷത്ത്

തദ്വിജ്ഞാനാർത്ഥം ഗുരുമേവാഭിഗച്ഛേത്
സമിൽപാണിശ്ശ്രോത്രിയംബ്രഹ്മനിഷ്ഠം.

ഇത്തരം വാക്യങ്ങൾ ശാസ്ത്രസമ്മതം കാട്ടുന്നതും മഹത്സമ്മതവുമാണു്. ഇതിനെ സാധാരണനിലയിൽ ആരും നിഷേധിച്ചും കാണുന്നില്ല. ഇപ്രകാരേണ തത്വാധിഷ്ഠിതമായാണു് ഷഡ്പദമഹാവാക്യമെന്ന ഗ്രന്ഥം പടുത്തുയർത്തിയിരിക്കുന്നതു്. ഇതിന്റെ പ്രയോഗരീതികൾ ചില ഗ്രന്ഥങ്ങളിൽ കൊടുത്തിരിക്കുന്നതുകാട്ടാം.

ഈ ഗുരുസ്തുതി ശ്രദ്ധിക്കുക—

“അറിവിന്നതെന്നും അതിനെഗ്രഹിക്കു-
മറിവൊന്നു വേണ്ടിയതുമിന്നതെന്നും
അറിയിച്ചുതന്നീ ചെറിയോനു നിന്റെ
അറിവായപാദേ ഇരിയെന്നു ചൊൽക
ഭേദങ്ങളെന്യേ ഒരുപോലെയെന്നും
നാദാന്തരൂപാ വിലസുന്ന നിന്റെ
പാദങ്ങൾകണ്ടീടാണ്ടു മനസ്സുറയ്ക്കാൻ
മോദിക്കുമെന്നിൽ കൃപ ചെയ്ഗുരോ നീ!”

ഇതിനെത്തന്നെ ഒന്നു വിശകലനംചെയ്തു പഠിച്ചുനോക്കുക. ഈ മാർഗ്ഗത്തിലെ പൊരുൾ വെളിവാകും. അറിവ് അറിവ് എന്നതിന്നവിധത്തിലുള്ളതെന്നും അതു മനസ്സിലാകുന്നതിനു വേണ്ട അറിവ് വേറെ ആയിട്ടൊന്നുള്ളതു് ഇന്നവിധത്തിലുള്ളതെന്നും അറിയിച്ചുതന്നു് ഈ ജിജ്ഞാസുവിനെ അറിവാമവസ്ഥയിലിരുത്തുക എന്നാണു് പരിദേവനം ചെയ്യുന്നതു്. ഈവിധേന ബോധവിശകലനം സുവ്യക്തംചെയ്യും വരികൾ യഥേഷ്ടം കാണാം.

മഹാവാക്യത്തിലെ തത് ത്വം അസി എന്നതിനെ അതു നീ ആയി എന്നു വിവർത്തനംചെയ്തു് ഒരു മൊഴിവാക്യമെന്നു പേരുകൊടുത്തു പുറത്തുകാട്ടുകയും ചെയ്യുന്നുണ്ടു്. മററൊരു ഗ്രന്ഥത്തിലും ആവിഷ്കരിച്ചുകാണാത്ത ഒരു മാർഗ്ഗമാണു് ഇതിൽ വെട്ടിത്തെളിച്ചിരിക്കുന്നതു്. 'തത് ത്വം അസി' അതു് നീ ആയി. ഇതിൽ തത് എന്നതു് അവാന്തരവാക്യമായും, 'നീ എന്നതു് തനിച്ചു് മഹാവാക്യമായും, 'ആയി' എന്നതു് നിവർത്തിവാക്യമെന്നുമായി കാട്ടുന്നു. ഇതിൽ വേദാന്തത്തിലെ നേതിനേതി പ്രക്രിയ അംഗീകരിച്ചിട്ടുണ്ടു്. എന്നാൽ ഇതിൽ അതല്ല അതല്ല എന്നു പറയുക മാത്രമല്ല, ഇന്ന കാരണത്താൽ അതല്ല എന്നുകൂടി വ്യക്തമാക്കുന്നുണ്ടു്. ഇവിടെ ദേഹം, ഇന്ദ്രിയം, പ്രാണൻ ഇങ്ങനെ അതിപ്രധാനങ്ങളായ ഇരുപത്തിഅഞ്ചു പൊരുളുകളെ എടുത്തുകാട്ടി ഇന്നതിനാൽ ഇന്നതല്ല എന്നു വ്യക്തമാക്കുന്നു. ഇതൊന്നും താനല്ലെന്നുകാട്ടി മൗനാതീതവസ്തുതത്ത്വംവരെ ചെല്ലാമെന്നാണിതിലെ പ്രതിപാദ്യം.

ഇതിൽ 'തത്' അതു് എന്നതിനെ വ്യഖ്യാനിക്കുന്നതു്—ഇതല്ലാത്തതു് അതു് എന്നാണു്. ഇതു് ഏതു് എങ്ങനെ എന്നതിനു്, പഞ്ചപദമഹാവാക്യത്തിലെ വചസ്സുതന്നെകാട്ടാം.

നീ ആരു്, ദേഹമല്ല, ദേഹം ജഡമാകയാൽ.

ഇന്ദ്രിയമോ, അല്ല, ഗുണത്തിലുത്ഭവമാകയാൽ

കാരണമോ, അല്ല, മേൽപ്രകാശമാകയാൽ.

പ്രാണനോ, അല്ല തുരുത്തിപ്രയോജനമേ ഉള്ളെന്നതിനാൽ

അവിദ്യയോ, അല്ല അജ്ഞാനമാകകൊണ്ടു്.

ജീവൻ അല്ല അവിദ്യയിലുത്ഭവമാകയാൽ

കൂടസ്ഥൻ അല്ല ബ്രഹ്മത്തിലുത്ഭവമായ ജീവസാക്ഷി ആകയാൽ.

വിരാട്ടു് അല്ല സ്ഥൂലശരീരഭാവമുള്ളതിനാൽ

ഹിരണ്യഗർഭൻ അല്ല സൂക്ഷ്മശരീരഭാവമുള്ളതിനാൽ,

മായ അല്ല കാരണശരീര ഭാവമുള്ളതിനാൽ.

ഈശ്വരൻ, അല്പപരബ്രഹ്മപ്രതിബിംബമാകകൊണ്ടു്.

ബ്രഹ്മം, അല്ല മഹാകാശമുണ്ടായതുപോലെ ആകയാൽ

സത്തു്, അല്ല നാശരഹിതനാമമുള്ളതിനാൽ.

ചിത്തു്, അല്ല കേവലത്തിൽ അറിവുള്ളതിനാൽ.

ആനന്ദം, അല്ല സുഖമെന്നനുഭവമാകകൊണ്ടു്.

പരബ്രഹ്മം, അല്ല നിർമ്മലാകാശ പ്രതിബിംബമാകയാൽ.

സർവസാക്ഷി, അല്ല അതീതത്തിൽനിന്നുണ്ടായതാകകൊണ്ടു്.

ശൂന്യം, അല്ല രഹസ്യത്തിൽ ഉത്ഭവമാകയാൽ.
സ്വഭാവം, അല്ല അറുതിയിലുണ്ടായതിനാൽ.
ഒഴിവു്, അല്ല ഒടുക്കത്തിലുണ്ടായതിനാൽ.
അതീതം, അല്ല മൗനത്തിൽഉണ്ടാകയാൽ.
യഥാർത്ഥം,അല്ല കണ്ടെത്തിയ സാക്ഷി ഉള്ളതിനാൽ.
രഹസ്യം, അല്ല വാക്കെന്നൊന്നിരിക്കയാൽ.
അറുതി, അല്ല മുമ്പൊന്നിരുന്നു കാണുകകൊണ്ടു്.
ഒടുക്കം, അല്ല പ്രവർത്തിഉണ്ടായിരുന്നു എന്നാകയാൽ.
മൗനം, അല്ല വേറെ ഉള്ളതിനെ വശപ്പെടുത്തുന്നു എന്നനുഭവമിരിക്കയാൽ.

ഇങ്ങനെ ഇവയെല്ലാമൊഴിഞ്ഞിട്ടു് മൗനാതീതമാണു് താൻ എന്നു് ബോദ്ധ്യപ്പെടുത്തികൊടുക്കുന്നു.

അങ്ങനെ-തത്-അതു്-എന്നതവാന്തരവാക്യമായി-ഇതല്ലാത്തതെല്ലാമാവാമെന്നുകാട്ടി മൗനാതീതംവരെമാത്രം ചെല്ലുകയാൽ അതിനെ അവാന്തരവാക്യമായും, മൗനാതീതമാണു്-നീ-എന്നു ബോദ്ധ്യപ്പെടുത്തും-നീ എന്ന വാക്യം മഹാവാക്യമായും-ആയി-എന്നതു നിവർത്തിച്ചു എന്നു കാട്ടുകയാൽ നിവർത്തിവാക്യമായും പറയപ്പെടുകയാണു്.

ഈ തത്വമസി മഹാവാക്യം വേദത്തിൽപ്പെട്ട ഛാന്ദോഗ്യോപനിഷത്തിന്റെ സംഭാവനയാണു്.

ഛാന്ദോഗ്യം—

"സയ ഏഷോ$\prime$ണിമൈതദാത്മ്യമിദം
സർവം തത്സത്യം സ ആത്മാ–തത്ത്വം
അസി–ശ്വേതകേതോ ഇതി."

സ യ ഏഷാ അണിമാ അപ്രകാരമുള്ള ഈ അണിമാ ഏതോ-ഇദം സർവം ഈ സർവവും 'ഐതദാത്മ്യം' ഇതാകുന്ന ആത്മാതന്നെ ആകുന്നു. ഈ അണിമാവായ ആത്മാ തന്നെ ആകുന്നു. തത്-അതു് സത്യം – സ – അതു തന്നെ ആണു് ആത്മാ ശ്വേതകേതോ. ആത്മാവ്– തത്-അതു്–ത്വം അസി–നീ ആകുന്നു. ഇപ്രകാരമാണു് ഉദ്ദാലകൻ ശ്വേതകേതുവിനു് പറഞ്ഞുകൊടുക്കുന്നതു്. ഇതിൽ പറയുന്ന അണിമാവാകുന്ന ആത്മാവിനെ ഉദ്ദാലകൻ തന്റെ പുത്രനായ ശ്വേതകേതുവിനുവേണ്ടിയും തദ്വാരാ ലോകത്തിനുവേണ്ടിയും വേണ്ടുവോളം വിവരിക്കുന്നുണ്ടു്. ഇവിടവും നമുക്കു വേണ്ടപോലെ പഠിക്കണം.

"തസ്യ ക്വ മൂലം സ്യാദന്യത്രാദ്ഭ്യോദ്ഭിഃ സോമ്യ ശുങ്ഗേന തേജോമൂലമന്വിച്ഛ തേജസാ സോമ്യ ശുങ്ഗേന സന്മൂലമന്വിച്ഛ സന്മൂലാഃ സോമ്യേമാഃ സർവാഃ പ്രജാഃ സദായതനാഃ സത്പ്രതിഷ്ഠാഃ യഥാനുഖലു സോമ്യ മാസ്തിസ്രോ ദേവതാഃ പുരുഷം പ്രാപ്യ ത്രിവൃത് ത്രിവൃദേകൈകാഭവതി തദുക്തം. പുരസ്താദേവ ഭവത്യസ്യസോമ്യ പുരുഷസ്യ പ്രയതോവാങ്മനസി സമ്പദ്യതേ മനഃ പ്രാണേ പ്രാണസ്തേജസി തേജഃ പരസ്യാം ദേവതായാം"

ഇതിലെ ആശയം അല്പം ചുരുക്കി പറയാം. ജലത്തിനു കാരണം തേജസ്സും തേജോബീജം സത്തുമാകുന്നു. ഈ മൂന്നു ദേവതകളും പുരുഷനെ പ്രാപിച്ചിരിക്കുന്നു. മരിക്കും കാലത്തു് മനുഷ്യന്റെവാക്കു് മനസ്സിലും മനസ്സ് പ്രാണനിലും പ്രാണൻ തേജസ്സിലും തേജസ്സ് പരയായ ദേവതയിലും അടങ്ങുന്നു. ഈ പരയായ ദൈവതത്തെ വിവരിച്ചതിനു

ശേഷമാണ് അതിൻെറ അതിസൂക്ഷ്മമായ വിവരണത്തിലേയ്ക്ക് അണിമാവിലേയ്ക്കു കടക്കുന്നതു്. സൂക്ഷ്മാതിസൂക്ഷ്മമായ അണിമാവിനെ അതുതന്നെയാണുസത്യം അതുതന്നെ ജഗത്തിൻെറ ആത്മാവും, ആ അതു് 'അല്ലയോ, ശ്വേതകേതോ അതുതന്നെയാണു് നീ' ഇങ്ങനെ തുടങ്ങി അവ്യക്തതയിലാണ്ടുകിടക്കുന്ന ആത്മാവിനെ-തത്തിനെ-പലപ്രകാരത്തിൽ അതിൻെറ സൂക്ഷ്മത വെളിപ്പെടുത്തി പഠിപ്പിക്കുന്നതു് നമുക്കു കാണാൻ കഴിയും.

നാനാവൃക്ഷങ്ങളിലും ചെടികളിലും സുവ്യക്തവ്യത്യാസത്തോടുകൂടി നിലകൊള്ളുന്ന തേൻതുള്ളികൾ തേനീച്ചകൾ ശേഖരിച്ച് ഒന്നിച്ചുസൂക്ഷിച്ചാൽ പിന്നെഅതിൽ ഇന്നമരത്തിൻെറ തേൻ ഇന്നതെന്നൊരിക്കലും തിരിച്ചെടുക്കുവാൻ ഒക്കാത്തതുപോലെ ഏകീഭവിക്കുന്നു. ആ്യപോലെ ജീവരാശിയും സത്തിൽ ഏകീഭവിച്ച് ഞങ്ങൾ ഇന്നതെന്നു് വേർതിരിച്ചറിയുന്നില്ല, നിദ്രയിലും മരണത്തിലും പ്രളയത്തിലും ഇതുതന്നെ അവസ്ഥ. എന്നാൽ നിദ്രകഴിഞ്ഞുണരുമ്പോൾ തൻെറ പൂർവനില സുവ്യക്തമറിയുന്നു. അതുപോലെ സ്വല്പവ്യത്യാസത്തോടെ മററുരണ്ടവസ്ഥയിലും സൂക്ഷ്മമേ നിലനില്ക്കുന്നുള്ളു. ആകകൊണ്ടു് സൂക്ഷ്മത്തിനനുസരിച്ച തിരിച്ചുവരവാണുണ്ടാകുക. ഈ വിധം കാട്ടും മന്ത്രവും ഛാന്ദോഗ്യം പ്രദാനം ചെയ്യുന്നുണ്ടു്.

"ത ഇഹ വ്യാഘ്രോ വാ സിംഹോ വാ വൃകോ വാ വരാഹോ വാ, കീടോ വാ പതംഗോ വാ, ദംശോവാ, മശകോ വാ യദ് യദ് ഭവന്തി തദാഭവന്തി."

യദ്യദ് ഭവതി തദാ ഭവന്തി —യാതൊന്നു് യാതൊന്നായിരുന്നുവോ അതാതുതന്നെയായി ഭവിക്കുന്നു.

സൂക്ഷ്മാതിസൂക്ഷ്മമായ അണിമാവായ ആത്മാവിനെ നീ തന്നെ അതു് എന്നു പറഞ്ഞുകൊടുക്കുമ്പോൾ ആ ആത്മവാനു് അണിമാവിൽനിന്നും വ്യത്യസ്തമായി മുഴച്ചുകാട്ടുന്ന ഒന്നുംതന്നെ ഉണ്ടായിരിക്കരുതു്. ഉണ്ടായിരുന്നാൽ വ്യാഘ്രഭാവംകൊണ്ടു് വ്യാഘ്രമായും വരാഹഭാവാൽ വരാഹമായും ഭവിക്കും. ഇത്രയും പറഞ്ഞതു്

ആത്മവാനു് ഒരു പ്രവൃത്തലുമുണ്ടായിരിക്കരുതെന്നുറപ്പിക്കാനാണു്. മനസ്സെന്നതാത്മാവല്ല, അതു് മായയിൽപ്പെട്ടതാണു്. അതിന്റെ ഒട്ടലാണു് ആത്മാ ജീവനായി എന്നു തോന്നാൻ കാരണം. അതിന്റെ എല്ലാ അംശങ്ങളും ഒഴിവാക്കപ്പെടേണ്ടതാണു്.

ബ്രഹ്മബിന്ദു

"മനോ ഹി ദ്വിവിധം പ്രോക്തം
ശുദ്ധഞ്ചാശുദ്ധമേവ ച
അശുദ്ധം കാമസങ്കല്പം
ശുദ്ധം കാമവിവർജ്ജിതം
മന ഏവ മനുഷ്യാണാം
കാരണം ബന്ധമോക്ഷയോഃ
ബന്ധായ വിഷയാസക്തം
മുക്തൈർനിർവിഷയം സ്മൃതം."

* * * * * *

'അഥാതോ ബ്രഹ്മജിജ്ഞാസ— താൻെറ പരിമിതികളെ തഴഞ്ഞു് തന്റെ സംശയഭാവനയും വിപരീതഭാവനയുമകററി—ദിഗ്ഭ്രമം, മരുമരീചികാദർശനം മുതലായ എല്ലാവിധ ഭ്രാന്തികളേയും മാറ്റി തന്നെതന്നെ ശരിക്കമറിയിയ്ക്കുവാൻ, സ്വാനുഭവസിദ്ധനായ ഗുരുസംഗമം, മഹാപുരുഷസംഗമം പ്രാപ്തമാണെന്നു ബോധ്യമാകുമ്പോൾ ബ്രഹ്മം എങ്ങിനെ ഉള്ളതെന്നറിവാൻ കൗതുകം ജനിക്കും.

'ജന്മാദ്യസ്യ യതഃ' സർവത്തിന്റേയും ഉത്പത്തി എവിടെയാണോകണ്ടെത്തുകസാദ്ധ്യമായിതീരുന്നതു് അതത്രേ ബ്രഹ്മം. ഏതൊരു വസ്തുവായാലും ഏതൊരു വസ്തുതത്വമെട്ടതാലും അതിന്റെ ആദ്യകാരണവസ്തുതത്വം അഥവാ അതിൻെറ ഉത്പത്തിസ്ഥാനമായി നിലകൊള്ളുന്ന വസ്തുതത്വം ബ്രഹ്മമെന്നു് കണ്ടെത്താൻ കഴിയും.

'ശാസ്ത്രയോനിത്വാത്.'—

സർവശാസ്ത്രങ്ങളുമെവിടെ നിന്നും ഉൽപന്നമാകുമോ ആ ഉത്പത്തിസ്ഥാനമത്രേ ബ്രഹ്മം.

'തത്തുസമന്വയാത്.'

തത് അതു് ആ ബ്രഹ്മതത്വം ബോധമായി ഏകമായി നിലകൊള്ളുവതുകൊണ്ടു് അവിടം എല്ലാം സമന്വയിക്കപ്പെട്ടമിടമായറിയപ്പെടുന്നു.

അഞ്ചാമത്തേതും അടുത്തതുമായ സൂത്രം അത്യന്തം ശ്രദ്ധ അർഹിക്കുന്നതാണു്.

'ഈക്ഷതേർ ന ശബ്ദം.'—

കണ്ടാലും ശബ്ദമല്ലാ ശബ്ദമില്ലാഇടം, നിശ്ശബ്ദം ബ്രഹ്മലക്ഷണം എന്നതനുഭവ സിദ്ധമാകുമ്പോൾ ശബ്ദമില്ലാ ഇടമെന്ന ഗുരുവചനം കാട്ടറിവു് അനുഭവഗോചരമായി കാണറിവാകും. കാട്ടറിവും കാണറിവും അറിവിൻെറ രണ്ടു വശങ്ങളാണു്. ശാസ്ത്രവും അനുഭവവും പോലെ, വേദവും വേദാന്തവും പോലെ.

ശബ്ദം ഓങ്കാരത്തിലടങ്ങും ഓം ബ്രഹ്മത്തിലും, ബ്രഹ്മം സ്വാനുഭവാൽ സ്പുരിക്കും അതത്രേ ദർശനം.

ബ്രഹ്മമെന്ന് സർവാതീതമായ മനോവാചാമഗോചരാതീതമായ ഒരു വസ്തുതത്വമുണ്ട്. അത് ലക്ഷണാൽ സച്ചിദാനന്ദമാണ്. അതെങ്ങനെറിയും, ആരറിയും ബ്രഹ്മമാണറിയേണ്ടതും. ബ്രഹ്മംമാത്രം അറിയാനുമുണ്ടായിരിക്കാം ഇവയെക്കുറിച്ച് നമ്മുടെ പൂർവീകന്മാർ വേദവേദാന്തങ്ങളിലൂടെ എന്താണരുളുന്നതെന്നു പഠിക്കാം.

'അഥാതോബ്രഹ്മജിജ്ഞാസ.'

ഒരുവൻ ഒരുകുഞ്ഞായി ജനിച്ചു വളർന്ന്, വിദ്യാഭ്യാസം സമാന്യം സമ്പാദിച്ച്, തൻെറ പരിമിതികളറിഞ്ഞും, ആ പരിമിതികൾ നികത്തുന്നതിന് വ്യാവഹാരിക വിദ്യാഭ്യാസം പര്യാപ്തമല്ലെന്നറിഞ്ഞു കഴിയുമ്പോൾ കഴിവുററ അറിഞ്ഞുതെളിഞ്ഞ അനുഭവസമ്പന്നനായ ഗുരുവിനെതേടും. സാധനാചതുഷ്ടയത്തിൻെറ എല്ലാ പടവുകളും കടന്ന എന്നദ്ദേഹത്തിന് ബോധ്യം വന്നുകഴിയുമ്പോൾ ശ്രവണം നല്കപ്പെടും. ഈ കരുണാ കടാക്ഷ സമേതമായ ശ്രവണം ലഭിച്ചുകഴിയുമ്പോൾ ശ്രവണവിഷയമായ ബ്രഹ്മമറിയുവാൻ വാഞ്ഛയുളവാക്കും. പിന്നീടവൻെറ അന്വേഷണം ബ്രഹ്മത്തെ ആസ്പദമാക്കിയായിരിക്കും.

ശ്രീശങ്കരഭഗവത്പാദർ അദ്ദേഹത്തിൻെറ ബ്രഹ്മസൂത്ര ഭാഷ്യത്തിൽ ഉപോദ്ഘാതത്തിൽ അതായത് അവതാരികയിൽ അദ്ധ്യാരോപത്തെ ശരിക്കും തെളിയിച്ചുകാട്ടിയാണ് വിവരണം നടത്തുന്നത്. ഇതുതന്നെ ശരിക്കും ചിന്തനീയമാണ്.

ആത്മാവെന്നും അതറിയുന്ന വിഷയമെന്നും രണ്ടുവിധ വസ്തുതത്വങ്ങൾ മനോഗോചരങ്ങളായി കാണപ്പെടുന്നുണ്ട്. ഇവകളുടെ ധർമ്മങ്ങൾ അന്യോന്യം കലർന്നു കാണുന്നതാണ് ഈ ജീവരാശികൾക്കുണ്ടായിരിക്കുന്ന വൈഷമ്യകാരണമെന്നാണ് വേദാന്തസിദ്ധാന്തം കാട്ടുന്നതെന്നാണ്

പറയുന്നതു്. ഇതിനെ അദ്ധ്യാരോപമെന്നു പറയുന്നു. യാ മാ സാ മായ എന്ന ശ്രീശങ്കരഭഗവൽപാദരുടെ നിർവചനം, യാതൊന്നു ഇല്ലാത്തതോ അതത്രേ മായ. ഈ ഇനം മായ എങ്ങനെ നിലനില്ക്കുന്നു. അതവിദ്യയുമാവതെങ്ങനെ. ഇതെല്ലാം പഠനവിഷയങ്ങൾതന്നെ.

സൂര്യനുണ്ടെങ്കിൽ രശ്മിയുണ്ടു്—സൂര്യനുണ്ടു് ആകയാൽ രശ്മി ഉണ്ടു്. സൂര്യനില്ല രശ്മിയുമില്ല. എന്നാൽ സൂര്യൻ ബിംബമാണു് രശ്മി ബിംബമല്ല. രശ്മി പ്രതിബിംബവുമാകുന്നില്ല.

ബ്രഹ്മം ബിംബമാണു്—ബ്രഹ്മമുണ്ടെങ്കിൽ മായയുമുണ്ടു്. ബ്രഹ്മമില്ലെങ്കിൽ മായയുമില്ലതന്നെ. ബ്രഹ്മം ബിംബമാണു് മായ ബിംബമല്ല. ബ്രഹ്മം ബിംബമാണു് മായ പ്രതിബിംബവുമാകുന്നില്ല. ബ്രഹ്മമുണ്ടെങ്കിൽ മായയുമുണ്ടു്. പൂജ്യമവ്യക്തമാണു്. പൂജ്യം ശൂന്യമല്ല. ഇല്ലായ്മയാകുന്നില്ല. എന്നാൽ പൂജ്യത്തിലൊന്നുമില്ലെന്നതു് വാസ്തവമത്രേ. നാലിൽനിന്നും നാലെടുത്താൽ പിന്നൊന്നുമില്ലല്ലോ, പൂജ്യംതന്നെ. ആയ പോലെ മായ അവ്യക്തമാണു്. അതോടുകൂടി ഏതെങ്കിലും ചേർന്നാൽ അതു് മഹത്തത്വമാകും. അതല്ലെങ്കിൽ അതു് ശൂന്യസമാനംതന്നെ. ആകകൊണ്ടത്രേ ശ്രീശങ്കരഭഗവത്പാദർ യാ മാ സാ മായ എന്നു കാട്ടിയതു്.

മായ ആത്മാവോടു് ചേർന്നുനിൽക്കുന്നതാണു്. അല്ലാതെ ആത്മാ മായയോടു് ചേർന്നു നിൽക്കലല്ല. അതൊന്നുദാഹരിച്ചുകാട്ടാം. പൂജ്യത്തോടു ചേർന്നു നില്ക്കുന്ന ഒന്നിനു് –01– ഒന്നിന്റെ വിലപോലുമില്ല, പൂജ്യം ഒന്നു് എന്നു വരച്ചുവച്ചാൽ അതിനു് അന്തസത്തയില്ല, എന്നാൽ ഒന്നു് പൂജ്യം എന്നാണു കാട്ടുന്നതെങ്കിൽ –10– അതു് ആ ഒന്നു് പതിന്മടങ്ങു് മഹത്താകലായി.

ആയപോലെ ആത്മാ മായ എന്നു വരച്ചുകാട്ടിയാൽ അതു് ആത്മാധീനമായ മായയെന്നായി കൂടും. അല്ലാതെ

മായ ആത്മാവെന്നു കാണുന്നവനു് ജഗത്തു കാണേണ്ടിവരും. ആത്മാ ശൂന്യസ്ഥാനത്തു നിലകൊള്ളും. ഇങ്ങനെ ജഗത്തു കാണുന്നതെന്നു് ശാസ്ത്രപടി കാട്ടികൊടുക്കണം.

ഇവിടെ ശ്രദ്ധയാ അടുത്തു മനസ്സിലാക്കണം. വിഷയീവിഷയങ്ങൾ എന്നു രണ്ടു വസ്തുതത്വങ്ങൾ പ്രതിപാദിക്കപ്പെടുന്നു. ഒന്നു കാണുന്നവനും ഒന്നു കണ്ടെത്തിയ വസ്തുതത്വവും.

എന്നാൽ ഇവിടെ ഒരു പരിണാമം രണ്ടു വസ്തുതത്വത്തിലും സംഭവിച്ചുകാണുന്നു. ആത്മശക്തിയാകുന്ന മായ പരിണമിച്ചു ജഗത്തായി കാണുന്നു. ആത്മാ ജീവനായി പരിണമിച്ചു ജഗത്തിനെ കാണുന്നു. ഇതിനേയും നമുക്കു വിശകലനംചെയ്യണം. ഒരു കുഞ്ഞു ജനിച്ചുവളർന്നു വിദ്യാഭ്യാസംചെയ്തു് തന്റെ പരിമിതികളറിഞ്ഞു് വ്യാവഹാരിക വിദ്യാഭ്യാസമപര്യാപ്തമെന്നുകണ്ടു്, കഴിവുററ ഗുരുനാഥനെ കണ്ടെത്തി അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം സാധനാചതുഷ്ടയവും കടന്നു് നില്ക്കുന്ന ശിഷ്യനു് തന്റെ അകമഴിഞ്ഞ കരുണാകടാക്ഷസമേതമായ ശ്രവണവും കൊടുത്തു കഴിയുമ്പോൾ, മനോവാചാമഗോചരമായ ശ്രവണ വിഷയമായ ബ്രഹ്മം സ്ഫുടമായറിയുവാൻ അതിവാഞ്ഛ ഉണ്ടാകും. പിന്നീടുള്ള അവന്റെ എല്ലാ അന്വേഷണവും ബ്രഹ്മത്തെ ആസ്പദമാക്കി ആയിരിക്കും. ഇവിടെയാണു് ബ്രഹ്മസൂത്രമാരംഭമിടുന്നതു്.

ഉപോദ്ഘാതവിഷയം അധ്യാരോപ പ്രക്രിയയെ പററിയാണു്. ഒന്നിന്റെ ധർമ്മത്തെ മറെറതിലും ആ മററതിന്റെ ധർമ്മത്തെ ആദ്യത്തതിലും ആരോപിക്കലത്രേ അധ്യാരോപം.

ആത്മാവെന്നും അതിന്റെ അറിവിൽപെടുന്ന വസ്തുതത്വമെന്നും രണ്ടുവിധതത്വങ്ങളനുഭവപ്പെടുന്നു. ഇവ തമ്മിലുള്ള ധർമ്മമാററം ആത്മാവിനു് ഒരു വിനയായി തോന്നുന്നു. ആത്മാ അല്പജ്ഞനായി, അശക്തനായി,

സ്വശക്തി ഇല്ലാത്തവനായി, ജീവനായി, സച്ചിദാനന്ദം വിട്ടു് മായാബദ്ധനായിട്ടനുഭവപ്പെട്ടുന്നു്. ഇതു് മായയുടെ ശക്തിയെ അവലംബിക്കകൊണ്ടാകുന്നു. മായതന്നെ ആത്മാവിനെ ആണവലംബിക്കുന്നതു്. ഇതന്യോന്യം മറിച്ചുചെയ്യലാണു് ഏററവും വലിയ അദ്ധ്യാരോപം.

'ജന്മാദ്യസ്യയത'

സർവത്തിന്റേയും ഉൽപ്പത്തി എവിടെ ആണോ അവിടം അതാണു് ബ്രഹ്മം. ബ്രഹ്മം ഉപാദാനകാരണമാണു്, എല്ലാററിന്റേയും ഉപാദാനകാരണമാണു്. അതു് ഹേതുവേ ചെയ്കയില്ല. പ്രവർത്തി ബ്രഹ്മത്തിന വേണ്ട. അതു് സ്വശക്തിപ്രേരകമാണു്. ആകയാൽ ബ്രഹ്മം സർവത്തിന്റേയും ഉപാദാനകാരണം.

ബ്രഹ്മത്തിനു് ഏതു കാരണമാകാനും സാദ്ധ്യത കുറവില്ല. അതതിന്റെ ശക്തിയിൽ ഈക്ഷണമാത്രനായാൽ മതി അതായതറിഞ്ഞാൽ മാത്രംമതി.

ശ്രീജിത് ഗൗതമനും, കണാദനും കപിലനും, പതഞ്ജലിയും, ജൈമിനിയും, ബാദരായണ വ്യാസനും വിഹരിച്ചവിഹായസ്സിൽ ശ്രീശങ്കരഭഗവത്പാദർ തുറന്നുകാട്ടും വഴി കണ്ടുകണ്ടു് ആ പ്രകാശപൂരമാസ്വദിച്ചുനീങ്ങ.

ഇവരുടെ എല്ലാമുദ്ദേശം മോക്ഷപ്രാപ്തിയാണു്. ഇതറിഞ്ഞാസ്വദിക്കുക. വേദവും വേദാന്തവും ഉൾക്കൊള്ളിച്ചാണു് നമ്മളുടെ ആദ്ധ്യാത്മിക ശാസ്ത്രങ്ങൾ പടുത്തുയർത്തി ഇരിക്കുന്നതു്.

## ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

ശ്രീധരബോധമനനം
ശ്രീധരപരിദേവനം
മഹാവാക്യപൊരുൾ
വേദാന്തസരണി
ബാലശ്രീധരം
ശ്രീധര ശ്രീധരം
അദ്വൈത ശ്രീധരം
വേദാന്തബോധസുധ
വേദവേദാന്ത സമന്വയം
ആത്മസുധ
വേദാന്ത വിഹായസ്
ശ്രീധരവചനാമൃതം-ഭാഗം 1
ശ്രീധരവചനാമൃതം-ഭാഗം 2
ഉപനിഷത് ശ്രീധരപ്രകാരം
ശ്രീധരബോധകിരണം

## മററു പ്രസിദ്ധീകരണങ്ങൾ

വിചാരസാഗരം
ഉത്തരഗീത
അവധൂതഗീത
ശ്രീഗോപാലഗീത
വേദാന്തസാരം
രാമഗോപാലം
ശ്രീധരം.